ഇ.എസ്6- 4556 /2022/ആ.വ.ഡ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി 23/11/2022

## അടിയന്തിര സർക്കുലർ

വിഷയം : - ആ.വ.ഡ–സർക്കാർ നഴ്സിംഗ് സ്കൂളുകളിലും ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് പരിശീലന കേന്ദ്രങ്ങളിലും നഴ്സിംഗ് ട്യൂട്ടർ തസ്തികയിൽ ഉണ്ടാകുന്ന ഒഴിവുകളിലേയ്ക്ക് തസ്തിക മാറ്റം മുഖേന (ബൈ ട്രാൻസ്ഫർ ) നിയമനത്തിന് യോഗ്യരായ ഹെഡ് നേഴ്സ്/സ്റ്റാഫ് നഴ്സ് ഗ്രേഡ്1 /സ്റ്റാഫ് നഴ്സ് ഗ്രേഡ് II തസ്തികയിലുള്ള ജീവനക്കാരുടെ മുൻഗണനാ പട്ടിക തയ്യാറാക്കുന്നത്- സംബന്ധിച്ച്.

സൂചന : 1) G.O.(P) No.118/2010/H&FWD Dated, 18/03/2010
2) കുറിപ്പ് നമ്പർ.ഇഇ2-49454/2019/ആ.വ.ഡ തീയതി, 16/06/2022

ആരോഗ്യ വകുപ്പ് ഡയറക്ട്രേറ്റിന്റെ കീഴിലുള്ള നഴ്സിംഗ് സ്കൂളുകളിലും ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് പരിശീലന കേന്ദ്രങ്ങളിലും നഴ്സിംഗ് ട്യൂട്ടർ തസ്തികയിൽ ഉണ്ടാകുന്ന ഒഴിവുകളിലേയ്ക്ക് തസ്തികമാറ്റം മുഖേന (ബൈട്രാൻസ്ഫർ) നിയമനം നടത്തുന്നതിന് യോഗ്യരായ ഹെഡ്നേഴ്സ്/സ്റ്റാഫ് നഴ്സ് ഗ്രേഡ് I / സ്റ്റാഫ് നഴ്സ് ഗ്രേഡ് II തസ്തികയിലുള്ള ജീവനക്കാരുടെ മുൻഗണനാ പട്ടിക തയ്യാറാക്കി പ്രസിദ്ധീകരിക്കുവാൻ തീരുമാനിച്ചിരിക്കുന്നു.

സൂചന (1) വിശേഷാൽ ചട്ട പ്രകാരം അംഗീകൃത സർവ്വകലാശാലയിൽ നിന്നും Msc നഴ്സിംഗ് /Bsc നഴ്സിംഗ് യോഗ്യതയോ, നഴ്സിംഗ് എഡ്യൂക്കേഷൻ & അഡ്മിനിസ്ട്രേഷനിൽ ഡിപ്ലോമ യോഗ്യതയോ നേടിയിട്ടുള്ള മേൽ വിഭാഗം ജീവനകാർക്ക് അപേക്ഷിക്കാവുന്നതാണ്. നിലവിലുള്ള ലിസ്റ്റിൽ ഉൾപ്പെട്ട നിയമനം ലഭിക്കാത്ത ജീവനക്കാർ പുതിയ അപേക്ഷ സമർപ്പിച്ച് പുതിയ മുൻഗണനാ പട്ടികയിൽ സ്ഥാനം ഉറപ്പു വരുത്തേണ്ടതാണ്.

എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാരും ഈ സർക്കുലറും ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള പ്രൊഫോർമയും അവരവരുടെ കീഴിലുള്ള എല്ലാ സ്ഥാപനമേധാവികൾക്കും അയച്ചു കൊടുക്കേണ്ടതാണ്.

പ്രസ്തുത സീനിയോറിറ്റി ലിസ്റ്റിൽ പേരുൾപ്പെടേണ്ടവർ അപേക്ഷയും പൂരിപ്പിച്ച പ്രൊഫോർമയും അനുബന്ധരേഖകളും സർട്ടിഫിക്കറ്റുകളുടെ പകർപ്പ് (അറ്റസ്റ്റ് ചെയ്തത്) സഹിതം സ്ഥാപനമേധാവികൾക്ക് 05/12/2022-ന് മുൻപായി സമർപ്പിക്കേണ്ടതും സ്ഥാപനമേധാവികൾ സേവന പുസ്തവുമായി ഒത്തുനോക്കി കൃത്യത ഉറപ്പു വരുത്തി 10/12/2022-ന് മുൻപായി ജില്ലാ മെഡിക്കൽ ഓഫീസർക്ക് സമർപ്പിക്കേണ്ടതും ജില്ലാ മെഡിക്കൽ ഓഫീസ് തലത്തിൽ അവയുടെ കൃത്യത പരിശോധിച്ച് ഉറപ്പു വരുത്തിയ ശേഷം 15/12/2022-ന് മുൻപായി പ്രത്യേക ദൂതൻ മുഖേന ഈ ഓഫസിൽ എത്തിച്ചു തരേണ്ടതാണ്. പ്രസ്തുത തീയതിയ്ക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

23/11/22

അഡീഷണൽ ആരോഗ്യവകുപ്പ് ഡയറക്ടർ (മെഡിക്കൽ)

പകര്പ്പ്:

1. എല്ലാ ജില്ലാമെഡിക്കൽ ഓഫിസർമാർക്കും (ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ് മുഖാന്തിരം)
2. ഫയൽ/സ്റ്റോക്ക് ഫയൽ

# PROFORMA

1. Name (In Capital) :
2. PEN Number :
3. Designation :
4. Date of Birth :
5. Present Station with District :
6. PSC Advice No. &Date

   (copy of order should be attached)
7. Appointment Order No.& Date and

   date of joining in entry cadre :

   (copy of order should be attached)
8. Details of Declaration of Probation

   in entry cadre :

   (copy of order should be attached)
9. Promotion order No.& Date :

   (Nursing officer Gr.I and Sr.Nursing Officer)

   (copy of order should be attached)
10. Rank No. in seniority list of present post :
11. Qualification (General and Technical) :
12. Details of LWA if any :-
    a) Period of LWA :
    b) Sanction Order No. and Date :
    c) Date of re joining after LWA :
13. Whether IDT availed :
    a) Details of IDT :
14. Other relevant information :
15. Mobile No. :

Date:

Signature of the incumbent

Certified that the service particulars furnished above are verified with respective service register and relevant records and found correct.

Signature of Head of Institution

Counter Signature of DMO(H)